(ഇ & എഫ്) തല്ക്കാലം ഉദ്ദേശമില്ല.

സംസ്കൃത വിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിന് നടപടി

11 (* 546) ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത വിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംസ്കൃത വിദ്യാഭ്യാസ സംരക്ഷണ സമിതി ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഈ നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാം ;

(സി) ഈ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സെക്കണ്ടറി തലത്തിൽ സംസ്കൃത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികൾക്കുള്ള ധനസഹായം നേടുന്നതിനുമായി സംസ്കൃത സർവകലാശാലയെ നോഡൽ ഏജൻസിയായും രജിസ്ട്രാർ ഡോ. കെ. ജി. പൗലോസിനെ നോഡൽ ഓഫീസർ ആയും നിയമിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷനായി സംസ്കൃത സർവകലാശാല വൈസ് ചാൻസലർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, ഡി. പി. ഐ. ഓഫീസിലെ സംസ്കൃതം സ്പെഷ്യൽ ഓഫീസർ എന്നിവർ ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പ്രവർത്തനഫലമായി 1997-98 ൽ 4.75 ലക്ഷം രൂപയും 1998-99 ൽ 18.82 ലക്ഷം രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. ഈ വർഷത്തേയ്ക്ക് 3,38,06,000 രൂപയുടെ പദ്ധതികൾ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്. ഓരോ വിദ്യാഭ്യാസ ജില്ലയിലും ഓരോ വിദ്യാലയത്തെ മാതൃകാ വിദ്യാലയമായി ഉന്നതാധികാര സമിതി തെരഞ്ഞെടുക്കുകയും സംസ്കൃത പ്രചരണ പരിപാടികൾ ഫലപ്രദമായി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. സംസ്കൃതം പഠിക്കുന്ന ആയിരം വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പു നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. അദ്ധ്യാപനത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിലേയ്ക്കായി സംസ്കൃത അദ്ധ്യാപകർക്കു ഓറിയന്റേഷൻ കോഴ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്കൃത പണ്ഡിതന്മാരെ ആദരിക്കുകയും ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. സംസ്കൃത വിദ്യാഭ്യാസ വികസനത്തിനുവേണ്ടി ശുദ്ധ സംസ്കൃത സ്കൂളുകളിലെ കുട്ടികൾക്ക് യു. പി. വിഭാഗത്തിന് 120 രൂപ വീതവും ഹൈസ്കൂൾ വിഭാഗത്തിന് 150 രൂപ വീതവും സ്കോളർഷിപ്പ് നൽകി വരുന്നു. കൂടാതെ അക്കാഡമിക്

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികൾക്കും വിദ്യാഭ്യാസജില്ലാടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്നുണ്ട്. ജില്ലാ സംസ്കൃത അക്കാഡമിക് കൗൺസിൽ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം 1000 രൂപയും നൽകി വരുന്നു. സംസ്കൃത അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നുണ്ട്.

(ബി) ഉണ്ട്. കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തുമ്പോൾ പ്രസ്തുത സിലബസ്സിൽ ഉണ്ടായിരുന്ന സംസ്കൃതം, ന്യായം, വ്യാകരണം, വേദാന്തം എന്നിവയും പ്ലസ്ടു തലത്തിൽ ഏർപ്പെടുത്തണമെന്നുള്ളതായിരുന്നു പ്രധാന ആവശ്യം. കൂടാതെ സംസ്കൃത ഭാഷയുടെ വളർച്ചയ്ക്ക് ആവശ്യമായ പ്രോത്സാഹനം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു.

(സി) പ്ലസ് ടു തലത്തിൽ എന്തെല്ലാം വിഷയങ്ങൾ ഉൾപ്പെടുത്തണമെന്ന് തീരുമാനിക്കുന്നത് ഹയർ സെക്കണ്ടറി കരിക്കുലം കമ്മിറ്റിയാണ്. സംസ്കൃത വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ നിവേദനം ആവശ്യമായ നടപടികൾക്കായി കരിക്കുലം കമ്മിറ്റിക്ക് അയച്ചുകൊടുക്കുകയുണ്ടായി. അതനുസരിച്ച് 14-3-2000-ൽ കൂടിയ കരിക്കുലം കമ്മിറ്റിയുടെ യോഗത്തിൽ അടുത്ത അദ്ധ്യയന വർഷത്തിൽ പ്ലസ് ടു തലത്തിൽ സംസ്കൃതം, ന്യായം, വേദാന്തം, വ്യാകരണം മുതലായവ കൂടി ഐശ്ചിക വിഷയമായി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. രണ്ടാം ഭാഷകളിലൊന്നായി സംസ്കൃതം ആദ്യമേ തന്നെ ഉൾപ്പെടുത്തിയിരുന്നു.

റോഡുകളുടെ നിർമ്മാണത്തിന് ഇന്ത്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം

12 (* 547) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന് ഇന്ത്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ച് നിർമ്മിക്കണം എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) ഇപ്പോൾ റോഡുകളുടെ നിർമ്മാണം നടത്തുന്നത് ഈ മാനദണ്ഡങ്ങൾ അനുസരിച്ചാണോ ;

(ഡി) ഐ. ആർ. സി. മാനദണ്ഡമനുസരിച്ചല്ല സംസ്ഥാനത്ത് റോഡുകൾ നിർമ്മിക്കുന്നത് എന്ന് ആരോപിച്ച് കേരള ഹൈക്കോടതിയിൽ ഒ.പി. 22530/99 ആയി കേസ് ഫയൽ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മേൽപ്പറഞ്ഞ കേസിൽ രണ്ടു മാസത്തിനകം സർക്കാർ തീരുമാനം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി ഉത്തരവ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly